**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3760**

**23.08.2017 ൽ മറുപടിയ്ക്ക്**

## യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ. കെ. മുരളീധരൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ഐ.സി.ബാലകൃഷ്ണൻ**

**മറുപടി**

**ശ്രീ.എ.സി. മൊയ്തീൻ**
**(വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ലഹരി ഉപയോഗത്തിനെതിരെയും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും യുവജന കമ്മീഷൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ)<br>(ബി)<br>&<br>(സി) | യുവാക്കളിൽ വർദ്ധിച്ചുവരുന്ന മദ്യം-മയക്കമരുന്ന് ദുരുപയോഗം, സൈബർ കുറ്റകൃത്യങ്ങൾ, കോളേജിലെ റാഗിംഗ് എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും പ്രചരണ പരിപാടികൾ നടപ്പിലാക്കുന്നതിനുദ്ദേശിച്ച് സംസ്ഥാനത്തെ കോളേജുകളിലും, യുവാക്കളുടെ പ്രാതിനിധ്യമുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവിടങ്ങളിലും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. യുവാക്കളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകി യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ സന്നദ്ധ സേവകരുടെ ഒരു കൂട്ടായ്മ ഉണ്ടാക്കി ബോധവത്ക്കരണ പ്രവർത്തനങ്ങളും മറ്റ് പരിപാടികളും നടത്തുന്നതിന് നിയോഗിച്ചിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തെ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്ത് പ്രസ്തുത വിഭാഗക്കാരുടെ അവകാശങ്ങൾ, അവർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ, അവർക്ക് ബാധകമായിട്ടുള്ള നിയമങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവത്ക്കരണ പരിപാടികൾ പട്ടികജാതി ആദിവാസി മേഖലകളിലും മറ്റ് പിന്നോക്ക വിഭാഗങ്ങൾ |
| ബി) | ഇതിനായി എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ; | | |
| (സി) | യുവജന കമ്മീഷന്റെ ഇതിനായുള്ള ബോധവൽക്കരണ പരിപാടികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | അധിവസിക്കുന്ന പ്രദേശങ്ങളിലും നടത്തിവരുന്നു.<br><br>മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ, റാഗിംഗ് എന്നിവയ്ക്കെതിരെ ശക്തമായ സന്ദേശം സംസ്ഥാനത്തെ വലിയൊരു വിഭാഗം യുവാക്കളിൽ എത്തിക്കുന്നതിന് മേൽപ്രകാരമുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുള്ളതായി വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ